**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1103** **04.02.2019-ൽ മറുപടിക്ക്**

**പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിലെ പദ്ധതി ഫയലുകളിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ജീവനക്കാരുടെ കുറവും ഓഫീസ് അധികാരഘടനയിലെ ന്യൂനതയും മൂലം നിരവധി പദ്ധതികളുടെ ഫയലുകളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കോഴിക്കോട് ജില്ലയിലെ 2 ലക്ഷം രൂപക്ക് മുകളിൽ വരുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം നിരവധി ജില്ലകളുടെ ചാർജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കിയത് മൂലമുണ്ടാകുന്ന പ്രവൃത്തി ബാഹുല്യവും കാലതാമസവും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) പി.ഡബ്ല്യൂ.ഡി സെക്ഷൻ ഓഫീസിനും ഡിവിഷൻ ഓഫീസിനും ഇടയിൽ മറ്റ് സബ് ഓഫീസുകൾ ഇല്ലാത്തതാണ് ഇത്തരം കാലതാമസത്തിന് കാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് മറികടക്കാൻ സർവ്വീസ് ഘടനയിലെ പരിഷ്കരണം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) & (സി) പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം തുടങ്ങിയ 5 ജില്ലകൾ ഉൾപ്പെടുന്നുണ്ട്. ടി ജില്ലകളിലെ 2 ലക്ഷം മുതൽ 20 ലക്ഷം വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികളും തുടർ പ്രവർത്തനങ്ങളും നടത്തുന്നത് കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നാണ്. കഴിഞ്ഞ ഒരു വർഷത്തിൽ കോഴിക്കോട് ഇലക്ട്രിക്കൽ ഡിവിഷൻ 373 എഗ്രിമെന്റുകൾ വച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ശാക്തീകരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഉൾപ്പെടെ ഇലക്ട്രിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ